ടി.എം.ജി. പാനൽ പുനഃസ്ഥാപിക്കാനുള്ള നടപടി

147 (930)ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കാങ്കോൽ 110 കെ.വി. സബ്സ്റ്റേഷനിലെ ടി. എം.ജി. പാനൽ തകരാറിലായത് കാരണം ഈ പ്രദേശങ്ങളിലെ വൈദ്യുതി വിതരണം പലപ്പോഴും മുടങ്ങുന്ന സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടി.എം.ജി. പാനൽ പുനഃസ്ഥാപിക്കാനുള്ള എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി)പയ്യന്നൂർ സബ് സ്റ്റേഷനിൽ സ്ഥാപിച്ചിട്ടുള്ള ടി.എം.ജി. നിർമ്മിതമായ 11 കെ.വി. ഇൻഡോർ പാനലുകൾ സബ്സ്റ്റേഷൻ കമ്മിഷൻ ചെയ്ത കാലം മുതൽ വൈദ്യുതി തടസ്സങ്ങൾ സൃഷ്ടിക്കാതെ പ്രവർത്തിച്ചുവരികയായിരുന്നു. എന്നാൽ കാലപ്പഴക്കം, തേയ്മാനം മുതലായ കാരണങ്ങൾമൂലവും അത്യാവശ്യ സ്പെയർ പാർട്സുകളുടെ ദൗർലഭ്യംമൂലവും ഇപ്പോൾ ചില സമയങ്ങളിൽ ഇതിന്റെ പ്രവർത്തനത്തിൽ തടസ്സങ്ങൾ വരുന്നുണ്ട്. ഇത് പരിഹരിക്കാനായി 15 പാനൽ സെറ്റ് സ്ഥാപിക്കുവാനായി 79 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റിന് ബോർഡ് അനുമതി നൽകിക്കഴിഞ്ഞു. ഇവ കഴിയുംവേഗം സ്ഥാപിക്കുന്നതാണ്.

ആറന്മുള നിയോജകമണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുള്ള നടപടി

148 (931)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഏതൊക്കെ ട്രാൻസ്ഫോർമറുകളുടെ പണി പൂർത്തിയായിട്ടുണ്ട്;

(സി) ഏതൊക്കെ ട്രാൻസ്ഫോർമറുകളുടെ പണി ഇപ്പോൾ നടക്കുന്നുണ്ട്;

(ഡി) അനുവദിച്ച ട്രാൻസ്ഫോർമറുകളുടെ കൂട്ടത്തിൽ പണി ആരംഭിക്കാത്തത് ഏതെല്ലാമാണ്;

(ഇ) തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ മരാമൺ, വെള്ളങ്ങൂർ എന്നീ സ്ഥലങ്ങളിൽ അനുവദിച്ച ട്രാൻസ്ഫോർമറുടെ പണി ആരംഭിക്കാൻ എന്താണ് തടസ്സമെന്ന് അറിയിക്കുമോ;

(എഫ്)പ്രസ്തുത മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം കണക്കിലെടുത്ത് കൂടുതൽ ട്രാൻസ്ഫോർമറുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 6 എണ്ണം.

(ബി) (1) തോല (2) പാറപ്പാറ്റുപടി, (3) പുലിക്കുന്നുമല (4) ചക്കിട്ടപ്പടി-കളരിക്കോട്.

(സി) ഇടയാറന്മുളയിൽ സ്ഥാപിക്കുന്ന ട്രാൻസ്ഫോമറിന്റെ പണി നടക്കുന്നു.

(ഡി) ഒന്നുംതന്നെയില്ല.

(ഇ) തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ മരാമൺ, വെള്ളങ്ങൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് ട്രാൻസ്ഫോർമറുകൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല. എന്നാൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(എഫ്) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ട്രാൻസ്ഫോർമറുകൾ അനുവദിക്കുന്നതിന് നടപടി

149 (932)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഈസ്റ്റ് ഡിവിഷന്റെ കീഴിൽ വരുന്ന അമ്മാടം കണിമംഗലം, കുറിച്ചിക്കര സെക്ഷനുകളിൽ പുതിയതായി എത്ര ട്രാൻസ്ഫോർമറുകൾ അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ സ്ഥലങ്ങളിൽ;

(ബി) ഇരിങ്ങാലക്കുട ഡിവിഷന്റെ കീഴിൽ ചേർപ്പ് മേജർ സെക്ഷനു കീഴിൽ എത്ര ട്രാൻസ്ഫോർമറുകൾ അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ സ്ഥലങ്ങളിൽ;

(സി) കൊടുങ്ങല്ലൂർ ഡിവിഷന്റെ കീഴിൽ വരുന്ന പെരിങ്ങോട്ടുകര, തൃപ്രയാർ പ്രദേശങ്ങളിൽ പുതിയ എത്ര ട്രാൻസ്ഫോർമറുകൾ അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ സ്ഥലങ്ങളിൽ;

(ഡി) കൊടുങ്ങല്ലൂരിന്റെ കീഴിൽ വരുന്ന ചെമ്മാപ്പിള്ളിയിൽ സ്ഥാപിക്കുന്ന ട്രാൻസ്ഫോർമർ എന്നുമുതൽ പ്രവർത്തിച്ചുതുടങ്ങും; പ്രവർത്തനം തുടങ്ങാൻ എന്താണ് തടസ്സം എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 8 എണ്ണം.

(1) യൂണിറ്റി നഗർ, കുരിയച്ചിറ

(2) പനമുക്ക്

(3) പാറപ്പുറം പനമുക്ക്

(4) പാലയ്ക്കൽ സെന്റർ

(5) കോടന്നൂർപ്പള്ളി

(6) പറപ്പൂകടവ്

(7) പുത്തൻ വെട്ടുകുഴി

(8) പുള്ള്

LIBRARY ARCHIVES Kerala Legislative Assembly